# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം; സമൂഹത്തിന്റേയും

കൊല്ലം: തെങ്ങിന്റെ 'ചങ്ങാതിക്കൂട്ടം' സമൂഹത്തിന്റേയും ചങ്ങാതികളാവാൻ 'കേരരക്ഷാ സേനയ്ക്ക്' രൂപം നൽകി.

നാളികേര വികസന ബോർഡിന്റെ നിയന്ത്രണത്തിൽ രൂപംകൊണ്ട തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ അംഗങ്ങളായ ജില്ലയിലെ ചങ്ങാതിമാരാണ് കൊട്ടാരക്കരയിൽ യോഗം ചേർന്ന്, സന്നദ്ധ-ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി രക്ഷാസേനയ്ക്ക് തുടക്കമിട്ടത്. തൊഴിലാളികൾക്കിടയിൽ, മദ്യം, പുകയില, മറ്റ് ലഹരിവസ്തുക്കൾ എന്നിവയ്ക്കെതിരെ ബോധവല്ക്കരണം നടത്തുകയാണ് രക്ഷാസേനയുടെ മുഖ്യദൗത്യം. അതോടൊപ്പം രക്തദാനം, അവയവദാനം, സന്നദ്ധസേവനം എന്നിവയിലും രക്ഷാസേന പങ്കാളിയാകും. അതിന് പുറമേ അംഗങ്ങൾക്കും അവരുടെ കുടുംബത്തിനും ഉണ്ടാകുന്ന അപകടങ്ങൾക്ക് അടിയന്തര സഹായം എത്തിക്കാനും പദ്ധതിയുണ്ട്. നാളികേര വികസന ബോർഡിന്റെ ചങ്ങാതിക്കൂട്ടം കളരിയിൽ നിന്ന് ലഭിച്ച പരിശീലനമാണ് ഇത്തരമൊരു ദൗത്യത്തിന് ചങ്ങാതിമാർക്ക് പ്രചോദനമായതെന്ന് രക്ഷാസേനയുടെ സെക്രട്ടറിയായ പെരുകുളം രഘു പറഞ്ഞു. പരിശീലനക്യാമ്പിൽ ലഹരി വസ്തുക്കൾ കർശനമായി നിരോധിച്ചിരുന്നു.

കൃഷി വകുപ്പും തൃതല പഞ്ചായത്തുസമിതികളുമായി ചേർന്ന് കേരകൃഷിയുടെ സമൃദ്ധിക്കായി വിവിധ പ്രവർത്തനം ചങ്ങാതിക്കൂട്ടം നടത്തിവരുന്നുണ്ട്. ജില്ലയിൽ പുല്ലിച്ചിറ, പരിമണം ട്രെയിനിങ് സെന്ററുകളിൽ നിന്ന് 1500 ചങ്ങാതിമാർ ഇതിനകം പരിശീലനം നേടി പുറത്തുവന്നതിൽ 400-ഓളം പേർ തെങ്ങുകയറ്റം ഫുൾടൈം തൊഴിലാക്കി. അത്രയും തന്നെ ചങ്ങാതിമാർ പാർട്ടൈമായും രംഗത്തുണ്ട്. 24 മണിക്കൂറും ചങ്ങാതിമാരുടെ സേവനം ലഭ്യമാകുമെന്ന് ചങ്ങാതിക്കൂട്ടത്തിന്റെ ട്രെയിനർ കൂടിയായ രഘു പറഞ്ഞു.

നാളികേര ബോർഡിന്റെ വെബ്സൈറ്റിൽ foct കോഡിൽ കൊല്ലം കൊടുത്താൽ ജില്ലയിലെ ചങ്ങാതിമാരുടെ ഫോൺ നമ്പർ ലഭിക്കും. ഏറ്റവും അടുത്തുള്ള ചങ്ങാതിയെ വിളിച്ചാൽ തെങ്ങുമായി ബന്ധപ്പെട്ട ഏത് പ്രശ്നത്തിനും ഏറ്റവും എളുപ്പം പരിഹാരം കാണാം.

തെങ്ങയിടുന്നതിന് തെങ്ങ് ഒന്നിന് 20.രൂപയാണ് ബോർഡ് നിശ്ചയിച്ചിട്ടുള്ള നിരക്ക്. ദൂരവും തെങ്ങിന്റെ ഉയരവും കണക്കിലെടുത്ത് പരമാവധി 30 രൂപവരെ നൽകേണ്ടിവരും. തെങ്ങിന്റെ ചികിത്സയ്ക്കും കീട നിയന്ത്രണത്തിനും പരിചരണത്തിനുമെല്ലാം പരിശീലനം ലഭിച്ചവരാണ് ചങ്ങാതിമാർ. ഒരു ഫുൾടൈം തൊഴിലാളിക്ക് ദിനംപ്രതി 1000 രൂപ മുതൽ 1500 രൂപവരെ പ്രതിഫലം ലഭിക്കുന്നുണ്ട്.

ഗ്രാമപ്രദേശങ്ങളിൽ നിന്ന് മാത്രമല്ല നഗരത്തിൽ നിന്നും ഇപ്പോൾ ചങ്ങാതികൾക്ക് ധാരാളം ഓഡർ കിട്ടുന്നുണ്ട്. നഗരത്തിൽ റസിഡന്റ്സ് അസോസിയേഷനുകളാണ് ബുക്കിങ് നടത്തുന്നത്. ചങ്ങാതികൾ ഒറ്റയ്ക്കോ കൂട്ടായോ കൃത്യസമയത്ത് എത്തി ആവശ്യം നിറവേറ്റും.

കേരളത്തിന്റെ കേരസമൃദ്ധി ലക്ഷ്യമാക്കി വിവിധ പദ്ധതികൾ രക്ഷാസേന ആവിഷ്കരിച്ചിട്ടുണ്ട്. കൊട്ടാരക്കര കരിക്കം ഗ്രീൻവാലി ആഡിറ്റോറിയത്തിൽ നടന്ന രക്ഷാസേനാ രൂപീകരണയോഗം സേനാ പ്രസിഡന്റായി എസ്. അനിൽ അമ്പലംകുന്നിനേയും ട്രഷററായി രാജനേയും തിരഞ്ഞെടുത്തു. കേരരക്ഷാ സേനയുമായി 9656714298 എന്ന നമ്പരിൽ ബന്ധപ്പെടാം.